മാതൃഭൂമി

21 December 2023

# സി.എം.എഫ്.ആർ.ഐ.യുടെ രണ്ട് കടൽപായൽ ഉത്പന്നങ്ങൾ വിപണിയിലേക്ക്

**കൊച്ചി** ▸ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) കടൽപായലിൽനിന്നു നിർമിച്ച രണ്ട് ഉത്പന്നങ്ങൾ വിപണിയിലേക്ക്.

വൈറസുകളെ പ്രതിരോധിക്കാൻ ശേഷി വർധിപ്പിക്കുന്ന കാഡൽമിൻ ഇമ്യുണോ ആൽഗിൻ എക്സ്ട്രാക്റ്റും രക്തത്തിലെ കൊളസ്ട്രോൾ നിയന്ത്രിക്കുന്ന കാഡൽമിൻ ആന്റി ഹൈപർ കൊളസ്ട്രോളമിക് എക്സ്ട്രാക്റ്റുമാണ് വിപണിയിലെത്തുന്നത്.

പയനിയർ ഫാർമസ്യൂട്ടിക്കൽസാണ് ഉത്പന്നങ്ങൾ വ്യാവസായികമായി ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നത്.

സാങ്കേതികവിദ്യ കൈമാറാനുള്ള കരാറിൽ സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനും പയനിയർ ഫാർമസ്യൂട്ടിക്കൽസ് മാനേജിങ് പാർട്ണർ ജോബി ജോർജും ഒപ്പുവെച്ചു.. ഉത്പന്നങ്ങൾ ആറുമാസത്തിനുള്ളിൽ വിപണിയിലെത്തും.